**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 198** **05-12-2022 - ൽ മറുപടിയ്ക്ക്**

**ചേലേമ്പ്ര/പള്ളിക്കൽ എഫ്.എച്ച്.സി കളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയ ചേലേമ്പ്ര, പള്ളിക്കൽ എഫ്.എച്ച്.സി.കളുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | 2022-23 വർഷത്തെ ബജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ സംബന്ധിച്ച അനുബന്ധം-II ൽ ക്രമ നമ്പർ 1062 പ്രകാരം ഒരു കോടി രൂപ വകയിരുത്തിയും 500 ലക്ഷം രൂപ അടങ്കൽ തുകയും ഉൾപ്പെടുത്തിയിട്ടുള്ള ചേലേമ്പ്ര, പള്ളിക്കൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണ പ്രവർത്തികൾക്കുള്ള പ്ലാൻ പൊതു മരാമത്ത് വകുപ്പ് തയ്യാറാക്കി വരുന്നുണ്ട്. പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്ലാൻ പൊതു മരാമത്ത് വകുപ്പ് വിഭാഗം തയ്യാറാക്കുന്നതിനുള്ള നടപടികൾ പ്രാരംഭം ഘട്ടത്തിലാണ്. |
| (സി) | ബജറ്റിൽ അനുമതി നൽകിയ പ്രസ്തുത പ്രവൃത്തികൾ പൂർത്തികരിക്കുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; സമയബന്ധിതമായി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്ലാൻ പൊതു മരാമത്ത് വകുപ്പ് തയ്യാറാക്കി DPR സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ G.O(MS)No.113/2018/ H& FWD dated 16.06.2018 പ്രകാരം ചേലേമ്പ്ര പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എൻ.എച്ച്.എം മുഖേന 15.50 ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഒരു റവന്യൂ ബ്ലോക്കിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സി.എച്ച്.സി യെ ബ്ലോക്ക് തല കുടുംബാരോഗ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രമായി ഉയർ ത്തുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ കോണ്ടോട്ടി റവന്യൂ ബ്ലോക്കിൽ നിന്നും പള്ളിക്കൽ സി.എച്ച.സി യെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. ആയതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 36,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ